## പത്രക്കുറിപ്പ്

## ASUSE സർവേ എന്യൂമറേറ്റർ നിയമനം: അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് നടപ്പിലാക്കുന്ന, അസംയോജിത കാർഷികേതര മേഖലയിലെ വാർഷിക സർവേയുടെ (ASUSE) സർവേ ജോലിക്കായി എന്യൂമറേറ്റർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉൽപ്പാദനം, വ്യാപാരം, മറ്റ് സേവനങ്ങൾ (നിർമ്മാണ മേഖല ഒഴികെ) എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലും വീടുകളിലും നിന്നുള്ള വിവരശേഖരണത്തിനാണ് നിയമനം. 31-03-2027 വരെയായിരിക്കും കാലാവധി. ഓരോ ജില്ലയിലും രണ്ട് ഒഴിവുകളാണുള്ളത്.

യോഗ്യതകൾ:

- വിദ്യാഭ്യാസം: ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, മാത്സ് അല്ലെങ്കിൽ കോമേഴ്സ് ബിരുദം (സ്റ്റാറ്റിസ്റ്റിക്സ് ഒരു പ്രധാന/ഉപവിഷയമായി പഠിച്ചിരിക്കണം).
- പ്രായം: 35 വയസ് കവിയരുത്.
- മറ്റുള്ളവ: കമ്പ്യൂട്ടർ/ഡാറ്റ എൻട്രി പരിജ്ഞാനം, ഫീൽഡ് വർക്കിനുള്ള ശാരീരികക്ഷമത ഉണ്ടായിരിക്കണം
- സർവേ പ്രവർത്തനങ്ങളിൽ മുൻപരിചയം മുൻഗണന.

അപേക്ഷിക്കേണ്ട വിധം: താത്പര്യമുള്ളവർ https://forms.gle/t3PYBhPc1TpC88Cs9 എന്ന ഗൂഗിൾ ഫോം ലിങ്ക് വഴി 2026 ആഗസ്റ്റ് 10-നകം അപേക്ഷ സമർപ്പിക്കണം. ഒരാൾക്ക് ഒരു ജില്ലയിലേക്ക് മാത്രമേ അപേക്ഷിക്കാൻ സാധിക്കൂ. തിരഞ്ഞെടുക്കപ്പെടുന്ന ജില്ലാ അതിർത്തിക്കുള്ളിലായിരിക്കും ജോലി. അപേക്ഷകരിൽ നിന്നും അപേക്ഷിച്ച ജില്ലയിലെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ ജില്ലാ ഓഫീസിൽ വച്ച് നടക്കുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്.

കൂടുതൽ വിവരങ്ങൾക്ക് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടുക.

**https://forms.gle/t3PYBhPc1TpC88Cs9**

# PRESS RELEASE

## Applications Invited for ASUSE Survey Enumerator Post

THIRUVANANTHAPURAM: Enumerators are being recruited on a contract basis for fieldwork and data collection under the Annual Survey of Unincorporated Sector Enterprises (ASUSE), implemented by the Department of Economics and Statistics. The selected candidates will collect economic and operational data from establishments in the unorganized non-agricultural sector, including manufacturing, trade, and other services (excluding construction). The appointment will be for a tenure lasting until March 31, 2027. There are two vacancies available per district.

Eligibility Criteria:

- Educational Qualification: Graduation in Economics, Statistics, Mathematics, or Commerce. Statistics must be studied as a core or subsidiary/complementary subject during graduation.
- Age Limit: Must not exceed 35 years.
- Other Requirements: Basic computer and data entry proficiency, along with the physical fitness required for extensive field operations. Prior experience in survey activities or data collection will be given preference.

How to Apply: Interested and eligible candidates must submit their applications online via the Google Form link: https://forms.gle/t3PYBhPc1TpC88Cs9 on or before **August 10, 2026**. An applicant can apply for one district only. The job profile requires extensive travel within the boundaries of the selected district. Final selection will be based on a district-level interview conducted at the respective District Office of the Department of Economics and Statistics.

For more details, contact District Offices of the Department of Economics and Statistics.

Digitally signed by
Shailamma K
Date: 01-08-2026
12:55:49

DIRECTOR